പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1515 — 03.10.2016 -ൽ മറുപടിക്ക്.

## സിവിൽ സപ്ലൈസ് വകുപ്പ് വഴി ഭക്ഷ്യധാന്യങ്ങളുടെ വിതരണം

ചോദ്യം

**ശ്രീ.എം. സ്വരാജ്**

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) സിവിൽ സപ്ലൈസ് വകുപ്പ് വഴി വിതരണം നടത്തുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നു എന്ന് അറിയിക്കുമോ ;

(എ) സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് ക്രിയാത്മകവും കാര്യക്ഷമവുമായ നടപടികൾ സ്വീകരിച്ചു പോരുന്നു. ടി ഭക്ഷ്യധാന്യങ്ങളുടെ സംഭരണവും വിതരണവും മുഖ്യമായും വഹിക്കുന്നത് എഫ്.സി.ഐ ഗോഡൗണുകളിലാണ്. ആയത് വിട്ടെടുക്കുന്നതിനു മുമ്പായി ജില്ലാ സപ്ലൈ ഓഫീസർമാർ ബന്ധപ്പെട്ട എഫ്.സി.ഐ ഗോഡൗണുകളിൽ ഗുണനിലവാരമുള്ള അരി/ ഗോതമ്പ് എന്നിവയുടെ ലോട്ട് മുൻകൂറായി മാർക്ക് ചെയ്യുകയും ആയതിൽ നിന്ന് റേഷൻ മൊത്ത വ്യാപാരികൾ വിട്ടെടുക്കുകയും ചെയ്യുന്നു. എഫ്.സി.ഐ യിൽ നിന്നും വിട്ടെടുക്കുന്നതിന്റെ സാമ്പിളുകളുടെ എല്ലാ വിവരങ്ങളും പ്രത്യേകം രേഖപ്പെടുത്തി സീൽ ചെയ്ത് സൂക്ഷിക്കുന്നു. കൂടാതെ റേഷൻ മൊത്ത വ്യാപാരികളിൽ നിന്നും റേഷൻ ഡിപ്പോകൾക്ക് ലഭ്യമാകുന്ന ഭക്ഷ്യ വിഹിതത്തിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് വിതരണ സമയത്തും റേഷനിംഗ് ഇൻസ്പെകർ പ്രത്യേകം പരിശോധന നടത്തി സാമ്പിൾ പായ്ക്കറ്റുകൾ നല്കുന്നു. കൂടാതെ എല്ലാ റേഷൻ കടകളിൽ നിന്നും ഗുണനിലവാരം ഉറപ്പാക്കിയിട്ടുള്ള ഭക്ഷ്യധാന്യ വിതരണം റേഷനിംഗ് ഇൻസ്പെക്ടർ മുതലുള്ള പരിശോധനാ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തുന്നു. മാത്രമല്ല ഗുണനിലവാരം സംബന്ധിച്ചുള്ള പരാതി ലഭ്യമായാൽ നേരിട്ട് പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നു.

സപ്ലൈകോയുടെ ഔട്ട് ലെറ്റുകളിലൂടെ വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനായി ശക്തമായ ഒരു പരിശോധനാ വിഭാഗം നിലവിലുണ്ട്.

| | | |
|---|---|---|
| | | സപ്ലൈകോയുടെ ക്വാളിറ്റി മാനുവലിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ ഓരോ ഡിപ്പോകളിലെയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ലഭിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുകയും സപ്ലൈകോയുടെ വിജിലൻസ് വിഭാഗം സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) | വകുപ്പ് മുഖേന വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളിലും എണ്ണയിലും മായം കലർന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് കൂടുതൽ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ? | (ബി) റേഷൻ കടകളിൽ നിന്നും ഗുണനിലവാരം ഉറപ്പാക്കിയിട്ടുള്ള ഭക്ഷ്യധാന്യ വിതരണം റേഷനിംഗ് ഇൻസ്പെക്ടർ മുതലുള്ള പരിശോധനാ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തുന്നുണ്ട്. വകുപ്പ് വഴി നിലവിൽ എണ്ണ വിതരണം ചെയ്യുന്നില്ല. സപ്ലൈകോ മുഖേന വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളിലും എണ്ണയിലും മായം കലർന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി കോന്നിയിലെ കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റിൽ (സി.എഫ്.ആർ.ഡി) സൗകര്യമുണ്ട്. കൂടാതെ റീജിയണൽ അനലറ്റിക്കൽ ലാബുകളിലെ സൗകര്യങ്ങളും ഇതിനായി ഉപയോഗിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ